*ബാബ അപരാഹനവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 36A

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**


## സന്തോഷാതിശയം – ലഡ്ഡു!!

**ഒക്ടോബർ 10, 2022**

ഓം ശ്രീ സായിരാം.

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകളിലേക്ക് സ്വാഗതം!

ഈ പരമ്പരയിൽ, ഞങ്ങൾ നിങ്ങളുമായി പങ്കിടുന്നത് ഭഗവാൻ ശ്രീ സത്യസായി ബാബയുടെ ചമത്കാരങ്ങളും അനുഭവങ്ങളുമാണ്, ഈ പോഡ്കാസ്റ്റ് പ്രഭാഷണങ്ങളുടെ നിരവധി, നിരവധി ശ്രോതാക്കൾ അടുത്ത ലക്കത്തിനായി ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. എത്ര താത്പര്യമാണ് നാം ഭക്തർക്ക് ആ ദിവ്യത്ഭുതങ്ങളിലും അനുഭവങ്ങളിലും എന്ന് നോക്കൂ!




ഇന്ന്, കുറേക്കൂടി അനുഭവങ്ങൾ ഞാൻ നിങ്ങളുമായി പങ്കിടട്ടെ. നിങ്ങൾക്കറിയാവുന്നപോലെ, ഭഗവത്ഗീതയിൽ ഭഗവാൻ കൃഷ്ണൻ അർജ്ജുനനോട് പറയുന്നു, “ ‘സത്’ എന്ന വാക്ക് ഉണ്മ എന്നും നന്മ എന്നുമുള്ള അർത്ഥത്തിൽ പ്രയോഗിക്കപ്പെടുന്നു. അതുപോലെ, അല്ലയോ പാർത്ഥാ! ‘സത്’ എന്ന വാക്ക് മംഗളകർമം എന്ന അർത്ഥത്തിൽ ഉപയോഗിക്കപ്പെടുന്നു. ‘സത്’ എന്ന വാക്ക് സദ്ഭാവം, സാധുഭാവം

അഥവാ നന്മയെ സൂചിപ്പിക്കുന്നു. ഇതേ രീതിയിൽ, 'സത്' എന്നത് സത്വൃത്തിയെയും സൂചിപ്പിക്കുന്നു.''

ഭഗവാൻ ശ്രീ സത്യസായി ബാബ എല്ലാ ആളുകളിലെയും സദ്വൃത്തിയെയും നന്മയെയും പ്രോത്സാഹിപ്പിക്കുന്നു. കുറേക്കൂടി നല്ല മനുഷ്യജീവികളാവാൻ അവിടുന്ന് വ്യക്തികളെ പ്രചോദിപ്പിക്കുന്നു. സ്വാമി അവിടുത്തെ വിദ്യാർത്ഥികളിൽ സ്ഥിരമായി അവിടുത്തെ കൃപ ചൊരിയുന്നു, സ്വയം പരിവർത്തനം ചെയ്യുന്നതിന് അവരെ സഹായിക്കുന്നു. അവിടുന്ന് വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിച്ചത് ഈ ഉദ്ദേശ്യം നിറവേറുന്നതിനാണ്. ഈ സ്ഥാപനങ്ങൾ മാനവമൂല്യങ്ങൾ അടിസ്ഥാനമാക്കിയുള്ള മൂല്യവിദ്യാഭ്യാസം പകരുന്നു, അതിൽ സദാചാരത്തിനും സ്വഭാവശുദ്ധിക്കും വലിയ പ്രാധാന്യം നൽകപ്പെട്ടിരിക്കുന്നു.

ശരി, ഇതുമായി ബന്ധപ്പെട്ട്, രണ്ട് സംഭവങ്ങളിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ ആകർഷിക്കുകയാണ്, വഴി തെറ്റിപ്പോവുന്ന കുട്ടികളെ എങ്ങനെയാണ് നേർവഴിക്കാക്കേണ്ടതെന്നും സദ്സ്വഭാവികളായ കുട്ടികളിൽ എപ്രകാരമാണ് നന്മ പോഷിപ്പിക്കേണ്ടതെന്നും ഇവ വെളിവാക്കുന്നു.




ആദ്യത്തേത്, 1973 ൽ ബൃന്ദാവനിൽവച്ച് നടന്ന 'സമ്മർ ഷവേഴ്സ്' കോഴ്സിനിടയ്ക്ക് നടന്നതാണ്, ഏതാണ്ട് 800 വിദ്യാർത്ഥികൾ ആ കോഴ്സിൽ പങ്കെടുക്കുകയുണ്ടായി; അവരിൽ ധാരാളം പേർക്ക് ഭഗവാനെക്കുറിച്ച് അറിവുണ്ടായിരുന്നില്ല, അവർ കർശനമായ അച്ചടക്കമായിരുന്നു പുലർത്തേണ്ടിയിരുന്നത്. ഏതാണ്ട് 800 പേർ, അവരിൽ പലർക്കും എന്തു ചെയ്യണമെന്ന് അറിയില്ല! പക്ഷേ, എന്നിരുന്നാലും, രണ്ട് കുട്ടികൾ ഈ അച്ചടക്കം പീഢനകരമായി കണ്ടു!

അതുകൊണ്ട് ഒരു വൈകുന്നേരം, അവർ ആശ്രമത്തിനു പുറത്ത് പോയി. അവർ നോൺ-വെജിറ്റേറിയൻ ആഹാരമൊക്കെ കഴിച്ചു, സിഗരറ്റ് വലിച്ചു. അവരൊരു സിനിമയ്ക്കും പോയി, എന്നിട്ട് രാത്രിയായപ്പോൾ രഹസ്യമായി തിരിച്ചെത്തി. തങ്ങളുടെ ഈ രഹസ്യസഞ്ചാരം ആരുമറിയില്ലെന്ന് അവർ കരുതി. പക്ഷേ സർവജ്ഞനായ സ്വാമിയിൽനിന്ന് എന്താണ് ഒളിപ്പിക്കാനാവുക?

പിറ്റേന്നു രാവിലെ, അവിടുന്ന് അവരെ വിളിപ്പിച്ചു, എന്നിട്ട് തലേന്ന് വൈകുന്നേരത്തെ കാര്യങ്ങളെപ്പറ്റി ചോദിച്ചു. ആദ്യം, അവർ ഓരോന്നും നിഷേധിച്ചു. എന്നാൽ, അവർ സിഗരറ്റ് വലിച്ചുകൊണ്ടിരിക്കുന്ന ഒരു ഫോട്ടോ സ്വാമി സൃഷ്ടിച്ച് അവർക്ക് കാണിച്ചുകൊടു



ഹോസ്റ്റലിൽ തുളസിച്ചെടി നടുന്ന സ്വാമി

ത്തപ്പോൾ, അവർ സ്തബ്ധരായിപ്പോയി, പശ്ചാത്താപത്താൽ കരയാനാരംഭിച്ചു. സദാ പ്രേമമയനായ സ്വാമി, അവരിലെ സദ്ഗുണങ്ങൾ പോഷിപ്പിക്കുന്നതിനായി ഇപ്പോൾ പ്രേരണ നൽകുന്നതിനായി, അവരോട് ക്ഷമിക്കുകയുണ്ടായി.

രണ്ടാമത്തെ സംഭവം ബോയ്സ് ഹോസ്റ്റലിൽ നിന്നാണ്. ഒരു ദിവസം രാത്രി, സ്വാമി ഹോസ്റ്റൽ സന്ദർശിച്ചു. പെട്ടെന്ന് കറന്റ് പോയി, ഒരു വിദ്യാർത്ഥി സ്വാമിയുടെ ശബ്ദം തന്നോട് ആവശ്യപ്പെടുന്നതായി കേട്ടു, നിന്റെ കൈകൾ പുറകിൽ പിടിക്കൂ! നിന്റെ കൈകൾ പുറകിൽ പിടിക്കൂ!'' അവനത് ചെയ്തപ്പോൾ സ്വാമി അവന്റെ കൈയിൽ ഒരു ലഡ്ഡു വച്ചുകൊടുത്തു. മിനിട്ടുകൾക്കകം, പവർ സപ്ലൈ പുനസ്ഥാപിക്കപ്പെട്ടു, ഓരോ വിദ്യാർത്ഥിക്കും മനസ്സിലായി ഓരോരുത്തരുടെ കൈയിലും ഓരോ ലഡ്ഡു ഉണ്ടെന്ന്. ഒരാൾ അനുഭവിച്ചത് എന്തുതന്നെയായാലും അത് എല്ലാവരും അനുഭവിച്ചിരിക്കുന്നു!! ഓരോരുത്തരും സ്വാമിയുടെ ശബ്ദം കേൾക്കുകയുണ്ടായി, ഓരോരുത്തർക്കും അവരവരുടെ കൈയിൽ ലഡ്ഡു കിട്ടുകയുണ്ടായി. ഓരോരുത്തരും ഹർഷോന്മാദത്തിലായി!

സ്വാമി ഈ ലീല കാട്ടിയത് എന്തിനായിരുന്നു? ഒരു സംശയവുമില്ല, അവിടുന്ന് വിദ്യാർത്ഥികളെ സന്തോഷിപ്പിക്കാനാണ് ആഗ്രഹിച്ചത്. എന്നാൽ അതിനപ്പുറത്ത്, മുഖ്യ പ്രചോദനം എന്നത് അവരുടെ ഭക്തി വർദ്ധിപ്പിക്കുക, അവരിൽ ഓരോരുത്തരിലും സദ്ഗുണങ്ങളും മൂല്യങ്ങളും വളർത്തുക എന്നതായിരുന്നു.

നമുക്കറിയാവുന്നപോലെ, ഈശ്വരൻ അവതരിക്കുന്നത് മനുഷ്യരിൽ നന്മയും ധാർമ്മികതയും വർദ്ധിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും വേണ്ടിയാണ്. ഒരു നന്മയുള്ള മനുഷ്യന്റെ ജീവിതം കഷ്ടതകൾ മൂലം ഞെരുക്കപ്പെടുമ്പോളൊക്കെ, ആ പ്രയാസങ്ങളെ നേരിടുന്നതിനും അയാളുടെ പുരോഗതിക്ക് തടസ്സമുണ്ടാക്കുന്ന വിഘ്നങ്ങൾ നീക്കുന്നതിനും ആവശ്യമായ ബലം സ്വാമി നൽകുന്നു.

ഒരിക്കൽ, ശ്രീ രാധാകൃഷ്ണ ചെട്ടിയുടെ മകൾ- ആന്ധ്രാപ്രദേശിലെ ചിറ്റൂർ ജില്ലയിലെ



കുപ്പത്തുനിന്നുള്ള സ്വാമിയുടെ പഴയകാല ഭക്തന്റെ മകൾ-ശ്രീമതി വിജയകുമാരിയും അവളുടെ ഭർത്താവ് ശ്രീ ഹേംചന്ദും സ്വാമിയുടെ ദർശനത്തിനായി ചെന്നു. സ്വാമി അവരുടെ അടുത്തു ചെന്നിട്ട് പറഞ്ഞു, ''കുമാരമ്മ!- വിജയകുമാരി എന്ന് അർത്ഥം- കുമാരമ്മ! നിനക്ക് സ്ഥാനക്കയറ്റം കിട്ടിയിരിക്കുന്നു!''

''ഓ, അതേ!'' എന്ന് സ്വീകാര്യസൂചകമായി അവർ മറുപടി നൽകിയപ്പോൾ, സ്വാമി വീണ്ടും പറഞ്ഞു, ''ഏത് ജീവിത മേഖലയിലാണ് നിനക്ക് പ്രമോഷൻ കിട്ടിയത് എന്ന് നീ തിരക്കിയില്ല; ശനി ദേവൻ നിന്റെ ജാതകത്തിൽ പ്രവേശിച്ചിട്ടുണ്ട്-ശനി!''

ഇതിൽ കുലുങ്ങാതെ ശ്രീമതി വിജയകുമാരി, കുമാരമ്മ, മറുപടി നൽകി, "ഓ, അത് വളരെ നന്നായി സ്വാമീ! ഈശ്വരൻ പ്രതാപിയായ പർവതം കണക്കെ ഞങ്ങളുടെ വശത്ത് നിൽക്കുമ്പോൾ എന്തിന് ഭയക്കണം!"

അതിനുശേഷം, ആ ദമ്പതികൾക്ക് അവരുടെ ജീവിതത്തിലെ വളരെ ബുദ്ധിമുട്ടുള്ള ഘട്ട ത്തിലൂടെ കടന്നുപോവേണ്ടി വന്നു. അവർക്ക് സാമ്പത്തികത്തകർച്ച നേരിടേണ്ടി വന്നു. അവർക്ക് ജീവിതമാർഗം ഉണ്ടായിരുന്നെങ്കിൽക്കൂടി, വരുമാനമൊന്നും ഉണ്ടായിരുന്നില്ല. അവരിരുവരും അപാരമായ മന:ക്ലേശത്തിലായി. എന്നാൽ സായീശ്വരനിലുള്ള അവരുടെ വിശ്വാസം ഇളക്കമില്ലാത്തതായിരുന്നു. അത് കൂടുതൽ ആഴവും ബലവും ഉള്ളതായി വളർന്നു.

ഒരിക്കൽ, സ്വാമി അവളോട് ചോദിക്കുകയുണ്ടായി, "നിനക്ക് കുറച്ച് പണം ആവശ്യമുണ്ട്, ശരിയല്ലേ? ഞാൻ ഇപ്പോൾ കുറച്ച് തരട്ടെ?" വിജയകുമാരി മറുപടി നൽകി, "സ്വാമീ! അവിടുന്നു മാത്രമാണ് ഞങ്ങളെ തീറ്റിപ്പോറ്റുന്നത്. ഞങ്ങൾക്ക് ദയവായി പണം നൽകാതി രുന്നാലും! ദയവായി, വേണ്ട, സ്വാമീ! എന്നാൽ പരോക്ഷമായി ദയവുചെയ്ത് അത് സമ്പാ ദിക്കാനായി, അത് സമ്പാദിക്കാനായി ഞങ്ങളെ സഹായിച്ചാലും."

പൂർണ ശരണാഗതിയോടെയുള്ള ഈ ആത്മാർത്ഥമായ അപേക്ഷ ഭഗവാനിൽ എത്തി ച്ചേർന്നു. സ്വാമി അവർക്ക് ഒരു കത്തെഴുതി. അതിൽ സ്വാമി എഴുതി, "ദുഖാർത്തമായ നിങ്ങളുടെ ഹൃദയത്തിൽനിന്നുള്ള പ്രാർത്ഥന എന്നിൽ എത്തിച്ചേർന്നിരിക്കുന്നു. അതെന്റെ ഹൃദയത്തെ സ്പർശിച്ചിരിക്കുന്നു! ഇപ്പോൾ ഞാൻ നിങ്ങളോട് ബന്ധിക്കപ്പെട്ടി രിക്കുന്നു. വിഷമിക്കേണ്ട. ആസന്ന ഭാവിയിൽത്തന്നെ നിങ്ങൾക്ക് സന്തോഷമുണ്ടാവും. വളരെ പെട്ടെന്ന്, നിങ്ങൾ ആനന്ദത്തിരയിൽ ആടുകയും പാടുകയും ചെയ്യും!

സ്വാമിയുടെ അനുഗ്രഹത്താൽ, അവരുടെ ദുരിതവും ദൗർഭാഗ്യവും അവസാനം അവസാ നിച്ചു. അവർ സാമ്പത്തികമായി മെച്ചപ്പെട്ടു, അവരിൽ ആനന്ദം ഉദിച്ചു. സ്വാമിയുടെ പിന്തുണ മാത്രം കൊണ്ടാണ് ആ കുടുംബത്തിന് ഈ കഷ്ടകാലം അതിജീവിക്കാനാ യത്; ഇപ്പോൾ അവർ അവരുടെ വാർദ്ധക്യകാലം സന്തോഷപൂർവം, സ്വാമിയെ മനനം ചെയ്ത് ചെലവിടുന്നു.

ഇപ്രകാരമാണ് സ്വാമി എല്ലായ്പോഴും നന്മയുള്ളവരുടെയും വിശുദ്ധരായവരുടെയും ഒപ്പം നിൽക്കുന്നത്. ഓരോരുത്തരുടെയും ഹൃദയവാസിയായ സായി, ഓരോന്നും അറിയുന്നു, ഓരോ വ്യക്തിമനസ്സിലെയും മാത്രമല്ല, ലോകത്തിലെ എല്ലാ ബാഹ്യസംഭവങ്ങളും അറിയുന്നു.

ഭഗവത്ഗീതയുടെ 7-ാം അദ്ധ്യായം 26-ാം ശ്ലോകം- ''അല്ലയോ അർജ്ജുനാ, ഭൂതകാലത്തെ, വർത്തമാനകാലത്തെ, ഭാവിയിലെയും എല്ലാ ജീവികളെയും എനിക്കറിയാം, പക്ഷേ എന്നെ ഒരുവനും അറിയുന്നില്ല!''

ഭഗവാൻ ശ്രീ സത്യസായി ബാബയ്ക്ക് വ്യക്തിജീവിതത്തിലെ ഓരോ വിശദാംശവും എങ്ങനെ അറിയാം എന്നതിന് നിരവധി അവസരങ്ങളിൽ ഭക്തർക്ക് അനുഭവമുണ്ട്.



രണ്ടു സംഭവങ്ങൾ ഇതാ! 1976 ൽ, പ്രസിദ്ധനായ സരോദ് വാദകനായ ഉസ്താദ് അംജത് അലി ഖാൻ, ഒരു പരിപാടിക്കായി ബാംഗ്ലൂർ സന്ദർശിക്കുകയായിരുന്നു. പ്രോഗ്രാമിനു ശേഷം, അദ്ദേഹം തന്റെ സുഹൃത്തായിരുന്ന ശ്രീ റഹിം നിസാമുദ്ദീനെ-അക്കാലത്ത് പോലീസ് കമ്മീഷണറാണ് അദ്ദേഹം-സന്ദർശിച്ചു. ശ്രീ റഹിം പുട്ടപർത്തിയിലേക്ക് ഒരു യാത്ര പ്ലാൻ ചെയ്യുകയായിരുന്നു, അംജത് അലി ഖാൻ അദ്ദേഹത്തെ അനുഗമിക്കുന്നതിന് തീരുമാനിച്ചു. അവരിരുവർക്കും ഒരു ഇന്റർവ്യൂവിനായി തെരഞ്ഞെടുക്കപ്പെടാനുള്ള ഭാഗ്യം സിദ്ധിച്ചു. ഇന്റർവ്യൂ മുറിയിൽ മറ്റുള്ളവർക്കൊപ്പം അവർ ഇരിക്കുമ്പോൾ, സ്വാമി നെയ്യ് ഇറ്റു വീഴുന്ന ഒരു ചൂട് ലഡ്ഡു സൃഷ്ടിച്ചു; അംജത് അലിയുടെ നേർക്ക് തിരിഞ്ഞിട്ട് സ്വാമി പറഞ്ഞു, ''ഇത് ശുദ്ധമായ നെയ്യിലുണ്ടാക്കിയതാണ്!''

അംജത് അലി ആശ്ചര്യഭരിതനായി. തനിക്ക് ശുദ്ധമായ നെയ്യിലുണ്ടാക്കിയ മധുരപലഹാരങ്ങൾ പ്രിയമാണെന്ന് സ്വാമിക്ക് എങ്ങനെ അറിയാം എന്ന് അദ്ദേഹം വിസ്മയിച്ചു. എന്നാൽ അതിലുമധികം പിന്നാലെയുണ്ടായിരുന്നു. സ്വാമി അദ്ദേഹത്തെ അകത്തെ മുറിയിലേക്ക് വിളിച്ചു. ആ സമയത്ത്, അംജത് അലിക്ക് വലിയ മന:സംഘർഷം അനുഭവിക്കുന്ന സമയമായിരുന്നു.

അകത്തെ മുറിയിൽവച്ച്, സ്വാമി അദ്ദേഹത്തോട് പറഞ്ഞു, ''പേടിക്കണ്ടാ! നീ തെരഞ്ഞെടുത്ത ആ ആസാമീസ് പെൺകുട്ടിയെത്തന്നെ വിവാഹം കഴിച്ചോളൂ. അവൾ നിനക്ക് അനുയോജ്യയാണ്!''

അംജത് അലി അതിശയിച്ചുപോയി, തന്റെ മനസ്സിലെ ആശയക്കുഴപ്പം മാറ്റിയതിന് അദ്ദേഹം സ്വാമിയോട് നന്ദിയുള്ളവനായിരുന്നു. തനിക്കു മാത്രമേ ഇക്കാര്യം അറിയാവൂ എന്നായിരുന്നു അദ്ദേഹം ധരിച്ചിരുന്നത്. എന്നാൽ, സ്വാമി ഓരോന്നും അറിയുന്നു! അദ്ദേഹം നന്ദിയുള്ളവനായിരുന്നു, എന്തുകൊണ്ടെന്നാൽ സ്വാമിയുടെ ആജ്ഞയും അനുഗ്രഹവും ആ കുട്ടിയെ പരിണയിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ എല്ലാ സംശയങ്ങളെയും ദുരീകരിക്കുകയുണ്ടായി.


1962-ൽ ശ്രീ മാധവറാവു ദീക്ഷിതിനെ സംബന്ധിക്കുന്ന ഒരു കഥയുണ്ട്. അദ്ദേഹം മംഗലാപുരത്ത് താമസിക്കുകയായിരുന്നു. ശ്രീ ഷിർദ്ദി സായി നാഥിനാൽ അനുഗ്രഹിക്കപ്പെടാൻ ഭാഗ്യം സിദ്ധിച്ച അതേ മാധവാണ് അദ്ദേഹം! അദ്ദേഹം തന്റെ അമ്മാവനായ ശ്രീ ഹരി സീതാറാം ദീക്ഷിതുമൊത്ത്- ഹരി സീതാറാം ദീക്ഷിത് 1910 മുതൽ 1918 വരെ ഷിർദ്ദിയിലുണ്ടായിരുന്നു. അദ്ദേഹം തന്റെ അമ്മാവനെ 'കാക്ക', 'കാക്ക' എന്നാണ് വിളിക്കുക! അതുകൊണ്ട്, ബാക്കി എല്ലാവരും, ഷിർദ്ദി സായിബാബ ഉൾപ്പടെ ശ്രീ ഹരി ബാപ്പു ദീക്ഷിതിനെ 'കാക്ക' എന്ന് പരാമർശിക്കാനാരംഭിച്ചു.


ഹരി സീതാറാം ദീക്ഷിത്

അക്കാലത്ത് സായിനാഥിന് കൊച്ചു മാധവിനെ വലിയ ഇഷ്ടമായിരുന്നു. ഒരു ദിവസം അവൻ കളിച്ചുകൊണ്ടിരിക്കുമ്പോൾ, സായിനാഥ് അവനെ വിളിച്ചു. അവിടുന്ന് ഉദി എടുത്തു-ധുനിയിൽനിന്ന് വലതു കൈകൊണ്ട് വിഭൂതി എടുത്തു, വിഭൂതി നിറഞ്ഞ കൈകൊണ്ട് മാധവിന്റെ നെറ്റിക്ക് ശക്തമായി അടിച്ചു. അവിടുന്ന് അടിച്ചത് ശക്തമായിട്ടായിരുന്നു-മാധവ് കരയാനാരംഭിച്ചു; അവൻ അമ്മാവന്റെ അടുത്തേക്ക് ഓടിച്ചെന്ന് പറഞ്ഞു, ''ഞാൻ മേലാൽ ബാബയുടെ അടുത്തേക്ക് വരില്ല!''

കാക്ക അത് കണ്ടിരുന്നു, അദ്ദേഹം പുഞ്ചിരിയോടെ പറഞ്ഞു, ''നീ എത്ര ഭാഗ്യവാനാണെന്ന് നിനക്കറിയുമോ? ഞങ്ങളെല്ലാവരും ഭഗവാനിൽനിന്ന് അത്തരമൊരു അടി കിട്ടുന്നതിനായി കൊതിച്ചിരിക്കുകയാണ്!''

സായി ബാബ എന്തിനാണ് ഇത് ചെയ്തത്? മാധവ് കഠിനമായ തലവേദന കാരണം കഷ്ടപ്പെടുന്നുണ്ടായിരുന്നു. സായി നാഥ് അവനെ അടിച്ചപ്പോൾ, ആ തലവേദന എന്നേക്കുമായി അപ്രത്യക്ഷമായി.



1962-ൽ, സായി ശ്രീ സത്യ സായിയായി പുനരവതരിച്ചിരിക്കുന്നു എന്നും അവിടുന്ന് പുട്ടപർത്തിയിൽ വസിക്കുന്നു എന്നും ശ്രീ മാധവറാവു ദീക്ഷിത് കേൾക്കാനിടയായി. എന്നാൽ അവിടുന്നിനെ സായി ബാബയായി സ്വീകരിക്കുന്നതിന് മാധവ ദീക്ഷിത് തയ്യാറായിരുന്നില്ല. അതുകൊണ്ട്, സ്വയം ഇത് കണ്ടെത്തുന്നതിന് അദ്ദേഹം തീരുമാനിച്ചു, പുട്ടപർത്തിക്ക് യാത്ര തിരിച്ചു.

സ്വാമി അദ്ദേഹത്തെ ഒരു ഇന്റർവ്യൂവിനായി വിളിച്ചു. അദ്ദേഹം ഉള്ളിൽ പ്രവേശിച്ച ഉടനെ, സ്വാമി പറഞ്ഞു, ''എന്റെ കാക്കയുടെ ഫോട്ടോ പുറത്തെടുക്ക്! എന്റെ കാക്കയുടെ ഫോട്ടോ പുറത്തെടുക്ക്! നിന്റെ പോക്കറ്റിൽ അതുണ്ട്, ഇല്ലേ?''

സ്വാമി ഇതും പറഞ്ഞു, ''ഞാൻ നിന്റെ നെറ്റിയിൽ ഉദി കൊണ്ട്-വിഭൂതി കൊണ്ട്-അടിച്ചതിനു ശേഷം, നിനക്ക് തലവേദന വീണ്ടും വന്നിട്ടില്ല, അങ്ങനെയല്ലേ?''

സ്വാമിയെക്കുറിച്ച് മാധവിനുണ്ടായിരുന്ന സകല സംശയങ്ങളും പരിഹൃതമായി, സ്വാമിയുടെ സർവജ്ഞത്വത്തെപ്പറ്റി അദ്ദേഹത്തിന് ബോധ്യമായി.

അതാണ് ഭഗവാൻ ശ്രീ സത്യസായി ബാബ!

നിങ്ങൾക്ക് നന്ദി! വീണ്ടും കാണാം! സായിരാം!



(തുടരും)

**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)